**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2007** **21-06-2024 - ൽ മറുപടിയ്ക്ക്**

**വർക്ക് നിയർ ഹോം സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർക്ക് നിയർ ഹോം സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഏതൊക്കെ സ്ഥലങ്ങളിലൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) SPV ആയും, KIIFB യുടെ ധനസഹായത്തോടെയും സംസ്ഥാനത്ത് വർക്ക് നിയർ ഹോം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കെ-ഡിസ്കിനാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ചുമതല.<br><br>പദ്ധതിയുടെ പൈലറ്റ് ഘട്ടത്തിലെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് Uralungal Labour Contract Cooperative Society Ltd-UL Insight, Inner Space Coworking എന്നീ സ്ഥാപനങ്ങളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. പൈലറ്റ് ഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പ്രഥമ പരിഗണനയിലുള്ള സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.<br><br>1. Kannur-Tahilparamba-KINFRA PARK building<br>2. Kozhikode-Kozhikode Corporation<br>3. Kozhikode-Ramanattukara-KINFRA PARK building<br>4. Kollam-Kollam Corpioration-Corporation owned Building<br>5. Pathanamthitta-Thiruvalla -KSRTC Building<br>6. Thrissur-Thrissur Corporation-Corporation owned building<br>7. Kollam-Kottarakkara-BSNL Building<br>8. Malappuram-Manjeri-BSNL Building<br>9. Ernakulam-Kaloor-BSNL Building |

| | | | |
|---|---|---|---|
| (ബി) | കെ ഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഇന്നോവെറ്റേഴ്സ് പ്രോഗ്രാം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സ്കൂൾ, കോളേജ്, ഗവേഷണ തലങ്ങളിലെ വിദ്യാർത്ഥികൾക്കായി കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ 2018 മുതൽ നടത്തുന്ന യങ്ങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ (വൈ.ഐ. പി) ആലപ്പുഴ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെയും പങ്കാളിത്തമുണ്ട്.<br><br>നിത്യ ജീവിത പ്രശ്ന പരിഹാരത്തിന് ഇന്നൊവേഷൻ പ്രത്സാഹിപ്പിക്കുന്ന യങ്ങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ ആലപ്പുഴ ജില്ലയിൽ നിന്നുള്ള 469 വിദ്യാഭ്യാസ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന പരിപാടിയുടെ ആറാം പതിപ്പായ വൈ ഐ പി 6.0 (YIP 6.0) യിൽ ആലപ്പുഴയിൽ നിന്നുള്ള 707 വിദ്യാർത്ഥി കൂട്ടായ്മകൾ ആശയ സമർപ്പണം നടത്തിയിട്ടുണ്ട്. ഇവയുടെ പ്രാഥമിക മൂല്യനിർണ്ണയം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ